LIBRARY ARCHIVES Kerala Legislative Assembly

പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റംസ് എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ

70 (T*5418) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലിനജലവും, ജൈവമാലിന്യവും പരിസ്ഥിതിക്കും മനുഷ്യനും ഹാനികരമല്ലാത്ത രീതിയിൽ കുറഞ്ഞ ചെലവിൽ സംസ്കരിക്കുന്നതിനുള്ള "പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റംസ്" എന്ന തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിവിധ സർക്കാർ ഏജൻസികളും ശുചിത്വമിഷനും പ്രസ്തുത പ്ലാന്റുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചെലവു കുറഞ്ഞ ഇത്തരം തദ്ദേശീയ പ്രോജക്ടുകൾ വ്യാപകമായി നടപ്പാക്കുന്ന കാര്യം അടിയന്തരമായി പരിശോധിക്കുമോ ?

ഉത്തരം

(എ) പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റംസ് എന്ന ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനം സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സംവിധാനത്തിന്റെ ഫീൽഡ് തല പരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടിയുള്ള പൂർണ്ണമായ സാങ്കേതിക വിവരങ്ങൾ, രേഖകൾ എന്നിവ ഇതുവരെയും ലഭ്യമായിട്ടില്ല.

(സി) വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

കൊയിലാണ്ടിയിലെ ശ്രീമതി ദേവകിയുടെ പരാതി

71 (5419) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നഗരസഭയിലെ താമസക്കാരി ശ്രീമതി മലയിൽ ചാലിൽ ദേവകി സമർപ്പിച്ച പരാതിയിൽ ഫയൽ 14868/ഡി.സി2/2014 എൽ.എസ്.ജി.ഡി. പ്രകാരം സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു